2024
FEBRUARY
29
THURSDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## സന്ദേശ്ഖാലി: മുഖ്യപ്രതിയും തൃണമൂൽ നേതാവുമായ ഷെയ്ഖ് ഷാജഹാൻ അറസ്റ്റിൽ; 55 ദിവസം ഒളിവിൽ



**കൊൽക്കത്ത:** സന്ദേശ്ഖാലി സംഘർഷത്തിനു കാരണമായ കേസിലെ മുഖ്യപ്രതി തൃണമൂൽ കോൺഗ്രസ് നേതാവും ഭീകരനുമായ ഷെയ്ഖ് ഷാജഹാനെ പൊലീസ് അറസ്റ്റ് ചെയ്തു. സ്ത്രീകൾക്കെതിരായ ലൈംഗികാതിക്രമം, സന്ദേശ്ഖാലിയിലെ ഭൂമി കൈയേറ്റം തുടങ്ങിയ കേസുകളിലാണ് അറസ്റ്റ്. നോർത്ത് 24 പർഗാനാസ് ജില്ലയിൽനിന്ന് അർധരാത്രിയോടെയാണ് ഷെയ്ഖ് ഷാജഹാനെ ബംഗാൾ പൊലീസിന്റെ പ്രത്യേക സംഘം അറസ്റ്റ് ചെയ്തത്. 55 ദിവസമായി ഒളിവിലായിരുന്നു. കുറച്ചുദിവസങ്ങളായി ഇയാളുടെ നീക്കങ്ങൾ നിരീക്ഷിച്ചുവരികയായിരുന്നുവെന്നു മുതിർന്ന പൊലീസ് ഉദ്യോഗസ്ഥർ പറഞ്ഞു.

ഷെയ്ഖ് ഷാജഹാനും അനുയായികൾക്കുമെതിരെ ഭൂമി തട്ടിയെടുക്കലും ലൈംഗികാതിക്രമവും ആരോപിച്ച് സന്ദേശ്ഖാലിയിലെ സ്ത്രീകൾ രംഗത്തെത്തിയിരുന്നു. ഇതോടെ ജനുവരി അഞ്ചിനു ഇയാൾ ഒളിവിൽ പോയി. 2019ൽ മൂന്നു ബിജെപി പ്രവർത്തകരെ കൊലപ്പെടുത്തിയത് ഉൾപ്പെടെ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണ് ഷെയ്ഖ് ഷാജഹാൻ.

റേഷൻ ഭൂമി കുംഭകോണങ്ങൾ, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങി സംഭവങ്ങളിൽ ഇ.ഡിയും ഷെയ്ഖ് ഷാജഹാനെതിരെ കേസുകൾ റജിസ്റ്റർ ചെയ്തിട്ടു്. ബംഗാളിൽ വൈദ്യുതി വകുപ്പ് ജീവനക്കാർക്കെതിരെ ആക്രമണം നടത്തിയ കേസിലും ഇയാൾ പ്രതിയാണ്.

### പൊതുവിതരണത്തിനായി സംഭരിച്ച അരി കയറ്റുമതിക്ക് ഉപയോഗിക്കുന്നു

## ഡബ്ല്യുടിഒ യോഗത്തിൽ തായ് നിലപാടിൽ അതൃപ്തിയുമായി ഇന്ത്യ




**അബുദാബി:** കയറ്റുമതി വിപണി പിടിച്ചടക്കുന്നതിനായി പൊതുവിതരണത്തിനായി സംഭരിച്ച സബ്സിഡി അരി ഇന്ത്യ ഉപയോഗിക്കുന്നുവെന്ന് ആരോപിച്ച് തായ്‌ലൻഡ് അംബാസഡർ പിംചനോക് വോൻകോർപോൻ പിറ്റ്ഫീൽഡ്. ലോക വ്യാപര സംഘടനയുടെ പതിമൂന്നാമത് വാണിജ്യമന്ത്രിതല യോഗത്തിലായിരുന്നു തായ് അംബാസഡറുടെ പരാമർശം. നയതന്ത്രതലത്തിൽ വൻകൊടുങ്കാറ്റ് സൃഷ്ടിച്ച പരാമർശത്തിൽ ഇന്ത്യ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. തായ് അംബാസഡറുടെ പരാമർശത്തെ ചില സമ്പന്ന രാഷ്ട്രങ്ങൾ പിന്തുണച്ചത് ഇന്ത്യൻ പ്രതിനിധികളെ ചൊടിപ്പിച്ചിരുന്നു. വാണിജ്യ വ്യാപാര മന്ത്രി പിയൂഷ് ഗോയൽ വിഷയത്തിൽ ഗൗരവപൂർവം ഇടപെട്ടതായി ഉദ്യോഗസ്ഥർ അറിയിച്ചു. തായ് അംബാസഡറുടെ ഭാഷയും പെരുമാറ്റവും സ്വീകാര്യമല്ലെന്നും ഇക്കാര്യത്തിൽ തായ് സർക്കാരിനോടു നേരിട്ട് അതൃപ്തി പ്രകടിപ്പിച്ചതായും അവർ അറിയിച്ചു.

തായ് അംബാസഡർ ശേഖരിച്ച വിവരങ്ങളിൽ വസ്തുതാപരമായ പിഴവുണ്ടെന്നാണ് ഇന്ത്യയുടെ പക്ഷം. ഉല്പന്നത്തിന്റെ 40% മാത്രമാണ് ഇന്ത്യ സംഭരിക്കുന്നത്. സർക്കാർ സംഭരിക്കാത്ത വിളയുടെ ഒരുഭാഗമാണു വിപണിമൂല്യത്തിൽ ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യുന്നത്. അടുത്തിടെയായി ആഗോള വിപണിയിലെ ഇന്ത്യയുടെ അരി വിഹിതം ഉയർന്നിട്ടുണ്ട്. കാർഷിക മേഖലയിൽ ഇന്ത്യ നിലവിൽ നൽകിവരുന്ന ചുരുങ്ങിയ താങ്ങുവിലയും സംഭരണത്തിനുള്ള സബ്സിഡിയും രാജ്യാന്തര കരാറുകൾക്കെതിരായ പ്രവൃത്തിയായാണു വികസിത രാജ്യങ്ങൾ ആരോപിക്കുന്നത്. ഇതു ലോക വ്യാപാരത്തെ തടസ്സപ്പെടുത്തുകയും നിലവിലെ താങ്ങുവില, അനുവദിച്ചിരിക്കുന്ന പരിധി കടന്നിരിക്കുകയാണെന്നും അവർ ആരോപിക്കുന്നു.

ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങൾ ഒരു ദശാബ്ദമായി പ്രയത്നിച്ചിട്ടും ഭക്ഷ്യഭദ്രതയ്ക്കു സ്ഥായിയായ പരിഹാരം കാണാൻ ലോക വ്യാപാര സംഘടനാ ചർച്ചകളിൽ സാധിച്ചിട്ടില്ല. അമേരിക്കയുൾപ്പെടെയുള്ള രാജ്യങ്ങളുടെ താല്പര്യങ്ങളാണ് ഇതിനു വിഘാതം സൃഷ്ടിക്കുന്നത്. ഭാവിയിൽ ഇന്ത്യയുടെ പൊതുമേഖലാ ധാന്യ സംഭരണ പദ്ധതി നിലനിൽക്കാൻ ഭക്ഷ്യ ഭദ്രതയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സ്ഥിര പരിഹാരം ലോക വ്യാപാര സംഘടനയിൽ ഉണ്ടായേ മതിയാകൂ.

'കോവിഡിനുശേഷം, ഭക്ഷ്യ സുരക്ഷ ദേശീയ സുരക്ഷയ്ക്കു തുല്യമാണെന്നു രാജ്യങ്ങൾ തിരിച്ചറിഞ്ഞു. മറ്റേന്തിനെക്കാളും മുമ്പ് അതു പരിഹരിക്കേണ്ടതുണ്ട്. ഇവിടെ ചില രാജ്യങ്ങളുടെ നിലപാടു തന്നെ അസ്വീകാര്യമാണ്" ഒരു ഇന്ത്യൻ നെഗോഷ്യേറ്റർ പറയുന്നു.

## റിലയൻസ് ഡിസ്നി ലയനം: കരാറിൽ ഒപ്പുവച്ചു; നിത അംബാനി ചെയർപഴ്സൻ, റിലയൻസിന് 63.16% ഓഹരി

**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന്റെ മാധ്യമവിഭാഗമായ വയാകോം 18 ഉം വാൾട്ട് ഡിസ്നിയുടെ ബിസിനസ് വിഭാഗമായ സ്റ്റാർ ഇന്ത്യയും തമ്മിൽ ലയനകരാറിൽ ഒപ്പുവച്ചു. ഇതോടെ വയാകോം 18 സ്റ്റാർ ഇന്ത്യയിൽ ലയിക്കും. ഡിസ്നി കണ്ടന്റുകളുടെ ലൈസൻസ് സംയുക്തസംരംഭത്തിനു കൈമാറും.

റിലയൻസ് 11,500 കോടി രൂപ പുതിയ സംയുക്തസംരംഭത്തിൽ നിക്ഷേപിക്കും. റിലയൻസിന് 63.16 ശതമാനവും ഡിസ്നിക്ക് 36.84 ശതമാനവും ഓഹരികളാണുണ്ടാവുക. ലയനത്തോടെ സംയുക്തസംരംഭത്തിനു ഏകദേശം 70,353 കോടി രൂപയുടെ മൂല്യമുണ്ടാവും.

ലയനത്തോടെ വിനോദ ചാനലുകളായ കളേഴ്സ്, സ്റ്റാർ പ്ലസ്, സ്റ്റാർ ഗോൾഡ് എന്നിവയും സ്പോർട്സ് ചാനലുകളായ സ്റ്റാർ സ്പോർട്സ്, സ്പോർട്18 എന്നിവയും ജിയോ സിനിമയും ഹോട്സ്റ്റാറും പുതിയ സംയുക്തസംരംഭത്തിനു കീഴിലാവും. നിത അംബാനിയാവും സംയുക്തസംരംഭത്തിന്റെ ചെയർപഴ്സൻ. നേരത്തേ വാൾട്ട് ഡിസ്നിയിൽ പ്രവർത്തിച്ചിരുന്ന ഉദയ് ശങ്കറാണ് വൈസ് ചെയർമാൻ. നിലവിൽ അദ്ദേഹം വയാകോം18 ബോർഡ് അംഗമാണ്.

## കുറഞ്ഞ വിലയിൽ മരുന്നുകൾ ലഭ്യമാക്കാൻ കൺസ്യൂമർഫെഡ്

**കൊച്ചി:** രജത ജൂബിലിയോടനുബന്ധിച്ച് നൂതന പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുകയാണ് കൺസ്യൂമർഫെഡ്. പുതിയ പ്രൈസിങ് പോളിസി അനുസരിച്ച് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ബ്രാൻഡഡ്, ജനറിക് മരുന്നുകൾ 16% മുതൽ 70% വരെ വിലക്കിഴിവിൽ മരുന്നുകൾ ലഭ്യമാക്കുമെന്ന് കൺസ്യൂമർഫെഡ് ചെയർമാൻ എം. മെഹബൂബ്, മാനേജിങ് ഡയറക്ടർ എം. സലിം എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ഡയാലിസിസ്, ക്യാൻസർ രോഗികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കും. കേന്ദ്രീകൃത വാങ്ങൽ സംവിധാനം വഴി സർജിക്കൽ ഉത്പന്നങ്ങൾ, ആശുപത്രി ഉപകരണങ്ങൾ എന്നിവ വാങ്ങി പൊതുമാർക്കറ്റിലേതിനേക്കാൾ 50% വിലക്കുറവിൽ ആശുപത്രികൾക്ക് വിതരണം ചെയ്യാനാണ് തീരുമാനം. ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന മാരാരി ഫുഡ്സ്, റെഡ്കോ ഉത്പന്നങ്ങൾ, തങ്കമണി സഹകരണ സൊസൈറ്റിയുടെ സ്പൈസസ് ഉത്പന്നങ്ങൾ എന്നിവ ത്രിവേണി ബ്രാൻഡിൽ വിപണിയിലിറക്കും.

കൺസ്യൂമർഫെഡ് ആരംഭിച്ച നീതി മെഡിക്കൽ സ്കീമിൻറെ രജത ജൂബിലി ആഘോഷങ്ങൾ ഞായറാഴ്ച അങ്കമാലി അഡ്‌ലക്സ് കൺവൻഷൻ സെൻററിൽ നടക്കും. വൈകിട്ട് നാലിന് നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്യും. സഹകരണ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷനാകും. മന്ത്രി പി. രാജീവ്, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും.കൺസ്യൂമർഫെഡിൻറെ എല്ലാ സംവിധാനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന പുതിയ സോഫ്റ്റ്‌വെയർ ലോഞ്ചിങ്ങും ഇതോടൊപ്പം നടക്കും. സംസ്ഥാനത്തെ നീതി മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം വർധിപ്പിക്കുമെന്നും കേരളത്തിന് പുറത്ത് ത്രിവേണി ഫ്രാഞ്ചൈസികൾ അനുവദിക്കുമെന്നും എം. മെഹബൂബ് പറഞ്ഞു. വാർത്താസമ്മേളനത്തിൽ വൈസ് ചെയർമാൻ പി.എം. ഇസ്മയിൽ പങ്കെടുത്തു.



# ശബരിമല,മാളികപ്പുറം മേൽശാന്തി നിയമനം: ഹൈക്കോടതി വിധി സ്വാഗതം ചെയ്യുന്നു: വിഎച്ച്പി

**കൊച്ചി:** ശബരിമല, മാളികപ്പുറം മേൽശാന്തി നിയമനങ്ങൾക്ക് മലയാള ബ്രാഹ്മണർ മാത്രം അപേക്ഷിച്ചാൽ മതിയെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജ്ഞാപനത്തിലെ വ്യവസ്ഥ ചോദ്യം ചെയ്തുള്ള ഹർജി തള്ളിയ ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ നടപടിയെ സ്വാഗതം ചെയ്യുന്നതായി വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പി, ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ അറിയിച്ചു.ഇത് പാരമ്പര്യമായ കാര്യമാണ്. ക്ഷേത്രത്തിലെ പൂജാകാര്യങ്ങളും പൂജാരി നിയമനങ്ങളും കാലാകാലങ്ങളായി നടക്കുന്ന പാരമ്പര്യ രീതിയിൽ തന്നെ തുടർന്നും നടക്കണം. ഒരോ ക്ഷേത്രത്തിനും ഒരോ സംവിധാനമുണ്ട്. അതനുസരിച്ചുവേണം മുന്നോട്ടു പോകാൻ. കേരളത്തിലെ പാരമ്പര്യ രീതി തുടരുന്ന മറ്റു ക്ഷേത്രങ്ങളിലും ഹൈക്കോടതിയുടെ ഈ വിധി ബാധകമാണെന്നാണ് വിഎച്ച്പി വിശ്വസിക്കുന്നത്. അതേ സമയം പാരമ്പര്യ രീതി ഇല്ലാത്ത ക്ഷേത്രങ്ങളിൽ പൂജാകർമ്മങ്ങൾ പഠിച്ച ആരു വരുന്നതിനെയും വിഎച്ച്പി പൂർണ്ണമായും സ്വാഗതം ചെയ്യുന്നതായും നേതാക്കൾ വ്യക്തമാക്കി

# വേനൽച്ചൂട്: ദാഹജല പന്തൽ ഒരുക്കി കെഎച്ച്ആർഎ

**കൊച്ചി:**വേനൽചൂട് വർധിച്ചുവരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്കായി കേരള ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസ്സോസിയേഷൻ(കെഎച്ച്ആർഎ)കലൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ ദാഹജല പന്തൽ ഒരുക്കുന്നു. കലൂർ ബസ്സ്റ്റാൻഡ് പരിസരത്ത് തയ്യാറാക്കുന്ന ദാഹജല പന്തലിന്റെ ഉദ്ഘാടനം ഇന്ന് (29.02.24) രാവിലെ 11.30 ന് കെഎച്ച്ആർഎ ജില്ലാ പ്രസിഡന്റ് ടി ജെ മനോഹരൻ നിർവ്വഹിക്കും. ഒരാഴ്ചക്കാലം ദാഹജല പന്തൽ പ്രവർത്തിക്കുമെന്ന് കെഎച്ച്ആർഎ കലൂർ യൂണിറ്റ് പ്രസിഡന്റ് എൻ എച്ച് ഫൈസൽ, സെക്രട്ടറി ഷെമീർ കിത്തക്കേരി, ട്രഷറർ കെ പി അസ് ലം എന്നിവർ അറിയച്ചു.

# സുധീന്ദ്രയിൽ സ്ത്രീരോഗ നിർണ്ണയ ക്യാംപ്

**കൊച്ചി:** ലോക വനിതാ ദിനത്തോടനുബന്ധിച്ച് എറണാകുളം കച്ചേരിപ്പടി ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ മാർച്ച് ഏഴിന് സ്ത്രീരോഗ നിർണ്ണയ ക്യാംപ് നടത്തും.രാവിലെ ഒമ്പതു മുതൽ ഉച്ചയ്ക്ക് 12 മണിവരെ നടക്കുന്ന ക്യാംപിൽ ബ്രസ്റ്റ് കാൻസർ പരിശോധന, 45 വയസിനു മേൽ പ്രായമുള്ള സ്ത്രീകൾക്ക് പ്രത്യേക ഗർഭാശയമുഖ കാൻസറുകളുടെ സ്ക്രീനിംഗ് ടെസ്റ്റ്, എന്നിവ കൂടാതെ പ്രഷർ,ഷുഗർ,അമിത വണ്ണം എന്നീ രോഗളുടെ നിർണ്ണയം ഉണ്ടാവും.ക്യാംപിൽ പങ്കെടുക്കുന്നവർക്ക് ബിഎം ഐ, എച്ച്ബി, തൈറോയിഡ് ഫംഗ്ഷൻ ടെസ്റ്റ്, ബ്ലഡ് ഷുഗർ, പാപ്സ്മിയർ പരിശോധനകൾ സൗജന്യമായിരിക്കും. ഡോ.രമണി ഫിലിപ്പ്, ഡോ.സരസ്വതി കൃഷ്ണമൂർത്തി, ഡോ.എസ് ശരണ്യ എന്നിവർ ക്യാംപിന് നേതൃത്വം നൽകും. ക്യാംപിൽ പങ്കെടുക്കുന്നതിനായി 7025350481 എന്നീ നമ്പരിൽ ബന്ധപ്പെടുക

# ബോധവത്ക്കരണ ക്ലാസ് നടത്തി



**കൊച്ചി:** ആദായ നികുതി വകുപ്പും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ചും ചേർന്ന് പൊതുജന ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു.ആദായ നികുതി കമ്മീഷണർ ഡോ. ശങ്കർ പ്രസാദ് കെ ഉദ്ഘാടനം ചെയ്തു. എല്ലാവരും തങ്ങളുടെ കാര്യങ്ങൾ സ്വന്തമായി ചെയ്യണമെന്നും മറ്റുള്ളവരെ ഏൽപ്പിക്കാതെ ശ്രദ്ധിക്കണമെന്നും അദ്ദേഹം ഉണർത്തി.ആദായ നികുതി ജോയിന്റ് കമ്മീഷണർ ഓംപ്രസാദ് യു മേനോൻ സംസാരിച്ചു. രോഹിത് കുമാർ, പി ജെ ജോണി എന്നിവർ ടെക്നിക്കൽ സെഷനുകൾ കൈകാര്യം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് ചെയർപേഴ്സൺ സലിം എ സ്വാഗതവും ആദായ നികുതി വകുപ്പ് അസിസ്റ്റന്റ് കമ്മീഷണർ ആർ ഭാരതി ഗണേഷ് നന്ദിയും പറഞ്ഞു.



# മഹീന്ദ്ര ഥാർ എർത്ത് എഡിഷൻ പുറത്തിറക്കി

**കൊച്ചി:** ഇന്ത്യയിലെ മുന്നിര എസ്യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് ഥാർ എർത്ത് എഡിഷൻ പുറത്തിറക്കി. ഥാർ മരുഭൂമിയുടെ ഭൂമിശാസ്ത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ പതിപ്പ്. പ്രത്യേക ഡിസൈനിലാണ് ഥാർ എർത്ത് എഡിഷൻ വരുന്നത്.

ഡെസേർട്ട് ഫ്യൂരി സാറ്റിൻ മാറ്റ് പുത്തൻ നിറമാണ് ഈ ഐക്കണിക്ക് എസ്യുവിക്ക്. ബി പില്ലറുകളിൽ എക്സ്ക്ലൂസീവ് എർത്ത് എഡിഷൻ ബാഡ്ജിങും നല്കിയിട്ടുണ്ട്. വേറിട്ടുനില്ക്കുന്ന സ്റ്റൈലിങാണ് എർത്ത് പതിപ്പിൻറെ സവിശേഷത. പുതിയ സിൽവർ അലോയ് വീലുകളും മാറ്റ്ബ്ലാക്ക് ബാഡ്ജുകളും ചേർന്ന് അതിൻറെ ഒആർവിഎം, ഗ്രിൽ, ബോഡി എന്നിവയിലുടനീളം ഡെസേർട്ട് ഫ്യൂറി നിറം അവതരിപ്പിക്കുന്നു.

ഥാർ ബ്രാൻഡിങ് ഇൻസേർട്ടുകളോടു കൂടിയാണ് ഡെസേർട്ട് തീം ഡെക്കലുകളും അലോയ് വീലുകളും.ഷിഫ്റ്റിങ് ഡ്യൂൺസ് പാറ്റേണോടുകൂടിയ ലെതറൈറ്റ് സീറ്റുകൾ, ബീജ് സ്റ്റിച്ചിങ്, സീറ്റുകളിലെ എർത്ത് ബ്രാൻഡിങ് എന്നിവ അകത്തളത്തെ കൂടുതൽ മനോഹരമാക്കുന്നു. എല്ലാ സുഖസൗകര്യങ്ങളോടും കൂടിയാണ് ഈ പ്രത്യേക എഡിഷൻറെ അകത്തളം ഒരുക്കിയിരിക്കുന്നത്. ഇൻറീരിയറുകളിലെല്ലാം ഡെസേർട്ട് ഫ്യൂറി നിറമുള്ള ടച്ചുകളും കാണാം. ഡോർ പാനലിലും സീറ്റുകളിലും ഥാർ ബാഡ്ജിങുണ്ട്.

കൂടാതെ എർത്ത് എഡിഷനിലെ ഓരോ ഥാറിനും വി.ഐ.എൻ പ്ലേറ്റിൽ സീരിയൽ നമ്പറും പതിച്ചിട്ടുണ്ട്.മാനുവൽ, ഓട്ടോമാറ്റിക് സഹിതം ഡീസൽ, പെട്രോൾ പതിപ്പുകളിൽ ഥാർ എർത്ത് എഡിഷൻ ലഭ്യമാണ്, എർത്ത് എഡിഷൻ എൽക്സ് ഹാർഡ് ടോപ്പ് വേരിയൻറിൽ എക്സ്ക്ലൂസീവ് 4*4 അനുഭവമാണ് വാഗ്ദാനം ചെയ്യുന്നത്. ഥാർ എർത്ത് എഡിഷൻറെ പെട്രോൾ മാന്വൽ ട്രാൻസ്മിഷൻ വേരിയൻറിന് 15.40 ലക്ഷം രൂപയും, ഓട്ടോ ട്രാൻ സ്മിഷൻ വേരിയൻറിന് 16.99 ലക്ഷം രൂപയുമാണ് വില. മാന്വൽ ട്രാൻസ്മിഷൻ 16.15 ലക്ഷം, ഓട്ടോ ട്രാൻസ്മിഷൻ 17.60 ലക്ഷം രൂപ എന്നിങ്ങനെയാണ് ഡീസൽ പതിപ്പുകളുടെ വില.

# മാത്സ് ലാബ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കൊച്ചിൻ ഷിപ്പ്യാർഡിൻറെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ടിൻറെ സഹായത്തോടുകൂടി കൊച്ചി കോർപ്പറേഷൻ എറണാകുളം ഗവ. ഗേൾസ് ഹൈസ്ക്കൂളിൽ തയ്യാറാക്കിയ മാത് സ് ലാബ് ഉദ്ഘാടനം ചെയ്തു. എറണാകുളം എം.എൽ.എ ടി ജെ വിനോദ് ചടങ്ങിൻറെ ഉദ്ഘാടനം നിർവഹിച്ചു. കൊച്ചി മേയർ അഡ്വ എം അനിൽ കുമാർ അധ്യക്ഷത വഹിച്ചു. കൊച്ചി നഗരത്തിലെ എല്ലാ ഗവൺമെൻറ് സ്കൂളുകളിലും മാത് സ് ലാബ് പദ്ധതി നടപ്പിലാക്കുമെന്ന് മേയർ ചടങ്ങിൽ അറിയിച്ചു.

ഈ മേഖലയിൽ പ്രവർത്തിക്കുന്ന റിസർച്ച് ആൻഡ് ഡെവലപ്മെൻറ് സ്ഥാപനമായ ഐ.എ സ്.ആർ.ടി.പി ലേൺ പ്രൈവറ്റ് ലിമിറ്റഡിൻറെ സാങ്കേതിക സഹായത്തോടു കൂടിയാണ് മാത്സ് ലാബ് തയ്യാറാക്കിയിട്ടുള്ളത്. ചടങ്ങിൽ ഡിവിഷൻ കൗൺസിലർ പത്മജ എസ് മേനോൻ സ്വാഗതം ആശംസിച്ചു. നഗരസഭ വിദ്യാഭ്യാസ കായിക കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ



വി.എ ശ്രീജിത്ത് പദ്ധതി വിശദീകരണം നടത്തി. കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡ്, മാനേജർ (സി.എസ്.ആർ) യൂസഫ് എ.കെ വിശിഷ്ടാതിഥിയായ ചടങ്ങിൽ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ഷീബ ലാൽ, പ്രിയ പ്രശാന്ത്, കൗൺസിലർമാർ, എറണാകുളം ഗവൺമെൻറ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പിടിഎ പ്രസിഡൻറ് ഷിബു പി ചാക്കോ, ഐ.എസ്.ആർ.ടി.പി ലേൺ മാനേജിംഗ് ഡയറക്ടർ ടി പി ടോമി എന്നിവർ പങ്കെടുത്തു. എറണാകുളം ഗവൺമെൻറ് ഗേൾസ് ഹൈസ്കൂൾ ഹെഡ്മിസ്ട്രസ് ലതിക പണിക്കർ ചടങ്ങിൽ നന്ദി പ്രകാശിപ്പിച്ചു.ഏതൊരു വിദ്യാർത്ഥിക്കും അനായാസം പഠിച്ചെടുക്കാൻ കഴിയുന്ന ഒരു വിഷയമായി കണക്കിനെ മാറ്റിയെടുക്കുക എന്നതാണ് മാത് സ് ലാബിൻറെ ലക്ഷ്യം. ലാബിൽ ഒരുക്കിയിരിക്കുന്നത് കണക്കിൻറെ സമവാക്യങ്ങളെ പരിചയപ്പെടുത്തുന്ന വർക്കിംഗ് മോഡലുകളാണ്. കളികളിലൂടെയും രസകരമായ പഠന പ്രവർത്തനങ്ങളിലൂടെയും എല്ലാ വിദ്യാർത്ഥികൾക്കും കണക്കിനെ വരുതിയിലാക്കാൻ ഇതിലൂടെ സാധിക്കും. 'കളികളിലൂടെ പഠനം' എന്നതിലൂന്നി 116 ഓളം മാത്സ് ഗെയിം ഐറ്റങ്ങളാണ് ലാബിൽ സജ്ജമാക്കിയിട്ടുള്ളത്. തൊട്ടും കണ്ടും പരീക്ഷിച്ചും കണക്കിനെ മനസ്സിലാക്കാൻ കഴിയും. കൂട്ടാനും കുറയ്ക്കാനും മുതൽ പോളിനോമിയൽ അടക്കം ഏത് കടുകട്ടി മാത്സ് നിഷ്പ്രയാസം എങ്ങനെ ചെയ്യാമെന്ന് വ്യക്തമാക്കുന്ന വീഡിയോ ദൃശ്യങ്ങളും വിദഗ്ധ അധ്യാപകരുടെ പരിശീലനവും ലാബിൻറെ ഭാഗമായി ലഭ്യമാണ്.

# പൂന്തോട്ടങ്ങളിൽ അലങ്കാരവൃക്ഷമായും വളർത്താം കാരയ്ക്ക

കേരളത്തിൽ വളരെ വിരളമായി നാട്ടിൻപ്രദേശങ്ങളിൽ കണ്ടുവരുന്ന പഴമാണ് കാരയ്ക്ക. കാരയ്ക്ക മരത്തിന്റെ ജന്മദേശം ശ്രീലങ്കയാണ്. പഴങ്ങൾക്ക് ഒലിവിനോടു സാദൃശ്യമുണ്ട്. അതിനാൽ, സിലോൺ ഒലിവ് എന്നും പേരുണ്ട്. പണ്ട് സ്കൂൾ പരിസത്തുള്ള കടകളിലെ കണ്ണാടിഭരണികളിൽ കാരയ്ക്കയും കാരയ്ക്ക ഉപ്പിലിട്ടതും കാണുമായിരുന്നു.

നല്ല അഴകുള്ള മരമായതിനാൽ പൂന്തോട്ടങ്ങളിൽ അലങ്കാരവൃക്ഷമായും നട്ടുവളർത്താം. ടെറസിൽ വലിയ ചട്ടികളിലും നട്ടുവളർത്താം. നന്നായി സൂര്യപ്രകാശം ലഭിക്കുന്നിടങ്ങളാണ് വളർച്ചയ്ക്കും വിളവിനും യോജ്യം. നല്ല നീർവാർച്ചയുള്ള എല്ലാത്തരം മണ്ണിലും വളരും. വലിയ പരിചരണമില്ലാതെയും പൂക്കുകയും കായ്ക്കുകയും ചെയ്യും. ജൈവരീതിയിൽ തന്നെ അനായാസം നട്ടുവളർത്താം.

വിത്തു പാകിയോ കമ്പുകൾ പതി വച്ചു വേരുപിടിപ്പിച്ചോ നടീൽവസ്തു ഒരുക്കാം. 1ത1ഃ1 അടി വലുപ്പമുള്ള കുഴികളെടുത്ത് ട്രൈക്കോഡെർമ സമ്പുഷ്ട ചാണകവും എല്ലുപൊടിയും വേപ്പിൻപിണ്ണാക്കും മേൽമണ്ണു ചേർത്തു യോജിപ്പിക്കുക. ഒരാഴ്ചയ്ക്കുശേഷം 12,14 ഇലപ്രായമായ തൈകളോ പതിവച്ചു നന്നായി വേരുപിടിച്ചതോ നടുക. തൈകൾ നന്നായി പിടിക്കുന്നതുവരെ നനച്ചു കൊടുക്കുക.

വിത്തുകൾ നട്ടാൽ 6,7 വർഷം കൊണ്ടു കായ്ക്കും. പതി വച്ചതാണെങ്കിൽ നേരത്തേ കായ്ക്കും. 2.5 സെ.മീ. നീളമുള്ള കായ്കൾ ആണ്. കായ്കൾ പാകമാകുമ്പോൾ മരത്തിൽനിന്ന് അടർന്നുവീഴും. ശേഖരിച്ചില്ലെങ്കിൽ നശിച്ചു പോകും. മരത്തിനു താഴെ ഒരു ഷീറ്റ് വിരിച്ചാൽ മതി.



കാരയ്ക്കയിൽ അന്നജം, ധാതുക്കൾ, വൈറ്റമിൻ സി, നിരോക്സികാരികൾ എന്നിവയെല്ലാം അടങ്ങിയിരിക്കുന്നു. സാലഡ്, അച്ചാർ, ചമ്മന്തി, സോസ് എന്നിവയിൽ ചേർത്ത് ഉപയോഗിക്കാം. കാരമരത്തിന്റെ ഇലകൾ നന്നായി അരച്ച്, കുളിക്കുന്നതിനു മുൻപു തത്സമയം മുടിയിൽ തേച്ച് കഴുകി കളഞ്ഞാൽ മുടിക്കു നല്ല തിളക്കവും മയവും ഉണ്ടാകും. തലയിലെ പേനും താരനും ഇല്ലാതാക്കാനുള്ള കഴിവുമുണ്ട്. വയറിളക്കത്തിനു മരുന്നായും കാരയ്ക്ക ഉപയോഗിക്കുന്നു.

# പുഷ്പാലങ്കാരത്തിലും ബൊക്കെ നിർമാണത്തിലും ട്രെൻഡായി പുതിയ പൂക്കൾ, വിദേശിയും സ്വദേശിയും സുലഭം

ആന്തൂറിയം, ഡച്ച് റോസ്, ജെർബെറ, കാർനേഷൻ പുഷ്പാലങ്കാരത്തിൽ ഉപയോഗത്തിലുള്ള ഈ കട്ട് ഫ്ലവർ ഇനങ്ങളെല്ലാം നമുക്കു സുപരിചിതം. ഇവയ്ക്കൊപ്പമോ പകരമായോ പുതിയ തരം പൂക്കളുടെയും കായ്കളുടെയും ഒരു നിരതന്നെ പുഷ്പാലങ്കാരത്തിലും ബുക്കെയിലും സ്ഥാനം പിടിക്കുകയാണിപ്പോൾ. ചിലതെല്ലാം നമ്മുടെ രാജ്യത്തു കൃഷിചെയ്യുന്നവയാണെങ്കിൽ മറ്റു പലതും ഓസ്ട്രേലിയ, സൗത്ത് ആഫ്രിക്ക, ഇസ്രയേൽ തുടങ്ങിയ ദേശങ്ങളിൽനിന്ന് എത്തുന്നു. ബെംഗളൂരുവിലെ പുഷ്പവിപണിയിൽ സീസൺ അനുസരിച്ച് ഇവ ലഭ്യമാണ്. ഇവയിൽനിന്നു തിരഞ്ഞെടുത്ത ചില പൂക്കളെ പരിചയപ്പെടാം.



ഓസ്ട്രേലിയയിലെയും സൗത്ത് ആഫ്രിക്കയിലെയും വരണ്ട കാലാവസ്ഥയിൽ സ്വാഭാവികമായി വളരുന്ന ബാങ്ക്സിയ ചെടിയുടെ നീണ്ട കോൺ ആകൃതിയിലുള്ള പൂങ്കുല കട്ട് ഫ്ലവർ വിപണിയിലെ അധിക മൂല്യമുള്ള ഇനമാണ്. പൂക്കൾ വളരെ അടുപ്പിച്ചാണ് പൂന്തണ്ടിൽ ക്രമീകരിച്ചിട്ടുള്ളത്. ഒറ്റ നോട്ടത്തിൽ ചോളത്തിന്റെ ആകൃതിയുള്ള ബാങ്ക്സിയയുടെ ആകർഷകമായ വർണ ഇലകളാണ് പൂവിന്റെ ഭംഗി. ഓറഞ്ച്, പിങ്ക്, ചുവപ്പ്, മഞ്ഞ നിറത്തിൽ പൂങ്കുലകൾ ഉണ്ടാകുന്ന ഇനങ്ങൾ ലഭ്യമാണ്. പൂവിന്റെ ഭാഗങ്ങളിൽ ഈർപ്പത്തിന്റെ അളവ് താരതമ്യേന കുറവായതുകൊണ്ട് പുഷ്പാലങ്കാരം കൂടുതൽ നാൾ നിലനിൽക്കും. ഡ്രൈ ഫ്ലവർ ആയും അലങ്കാരത്തിൽ ഉപയോഗിക്കാം. സൗത്ത് ആഫ്രിക്കയിൽനിന്നാണ് ഈ പൂക്കൾ ഏറെയുമെത്തുന്നത്.

ബാങ്ക്സിയ ഉൾപ്പെടുന്ന കുടുംബത്തിലെ അംഗമാണ് ഷുഗർ ബുഷ് എന്നും അറിയപ്പെടുന്ന പ്രോട്ടിയ. വലുപ്പമേറിയ ജെർബെറ പൂവിനോട് സാമ്യം. കട്ടിയുള്ള ഇലകളും പൂക്കളുടെ ചുറ്റുമുള്ള നീണ്ട വർണ ഇലകളുമാണ് പൂങ്കുലയുടെ ഭംഗി. വർണ ഇലകളുടെ ഉള്ളിലുള്ള യഥാർഥ പൂക്കൾക്ക് നീണ്ട കുഴലിന്റെ ആകൃതിയാണ്. ഏറെ നാൾ നിറം മങ്ങാതെ, കൊഴിയാതെ നിൽക്കുന്ന വർണ ഇലകളാണ് പ്രോട്ടിയയ്ക്ക് പുഷ്പാലങ്കാരത്തിൽ ഡിമാൻഡ് കൂട്ടുന്നത്. സൗത്ത് ആഫ്രിക്കയുടെ ദേശീയ പുഷ്പമായ പ്രോട്ടിയ അവിടെ വരണ്ട പ്രദേശങ്ങളിൽ സ്വാഭാവികമായി വളരുന്നു. കട്ട് ഫ്ലവർ ഇനങ്ങളെല്ലാം അവിടെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നുമുണ്ട്. ബാങ്ക്സിയപോലെ പ്രോട്ടിയയും ഡ്രൈ ഫ്ലവർ ആയും ഉപയോഗിക്കാം. കിങ് പ്രോട്ടിയ, ക്യൂൻ പ്രോട്ടിയ, പിൻക്യൂഷൻ തുടങ്ങിയ പ്രോട്ടിയ സങ്കരയിനങ്ങൾ ഫ്രഷ് ഫ്ലവർ ബുക്കെ ഉണ്ടാക്കാൻ പറ്റിയവയാണ്.

വെള്ള അരിമണികൾകൊണ്ട് ഉണ്ടാക്കിയ ബുക്കെ പോല തോന്നുന്ന പൂങ്കുലകളായതുകൊണ്ടാണ് റൈസ് ഫ്ലവർ എന്നു പേരു കിട്ടിയത്. ജിപ്സോഫില്ലയ്ക്കു പകരം ഫില്ലർ പൂവായി പുഷ്പാലങ്കാരത്തിൽ അടുത്ത കാലത്തായി പ്രചാരം നേടുന്നു. തൂവെള്ള അല്ലെങ്കിൽ ഇളം പിങ്ക് നിറത്തിൽ കുഞ്ഞൻ ഇതളുകളുള്ള പൂക്കളിൽ ഈർപ്പം വളരെ കുറവായതുകൊണ്ട് നീണ്ട നാൾ പുഷ്പാലങ്കാരത്തിൽ കേടാകാതെ നിൽക്കും. കുറ്റിച്ചെടിയുടെ പ്രകൃതമുള്ള റൈസ് ഫ്ലവർ ചെടിയുടെ അറ്റത്താണ് കുലകളായി ചെറു പൂക്കൾ ഉണ്ടായി വരിക. ഓസ്ട്രേലിയയിലെ വരണ്ട പ്രദേശങ്ങളിൽ സ്വാഭാവികമായി വളരുന്ന ഈ ചെടിയുടെയും പൂക്കൾ ഡ്രൈ ഫ്ലവർ ആയി ഉപയോഗിക്കാം. അനുകൂല സാഹചര്യത്തിൽ പൂക്കൾക്ക് ഒരാഴ്ചയോളം ആയുസ്സ് കിട്ടും.

വില കൂടിയ പുതു കട്ട് ഫ്ലവർ ഇനമാണ് യൂസ്റ്റോമയും. ലിസിയാന്തെസ് എന്നു ശാസ്ത്രനാമം. ഒറ്റ നോട്ടത്തിൽ കാർണേഷൻ പൂവിനോട് സാമ്യമുണ്ട്. കാർണേഷൻപോലെ പൂക്കൾ കുലയായിട്ടാണ് വിപണിയിൽ ലഭിക്കുന്നതും പുഷ്പാലങ്കാരത്തിൽ ഉപയോഗിക്കുന്നതും. തൂവെള്ള, പിങ്ക്, നീല തുട ങ്ങി പല നിറങ്ങളിലും നിറക്കൂട്ടുകളിലുമുള്ള ഇതളുകൾ. ഇവയുടെ ഞൊറികളും കുഴലാകൃതിയു മെല്ലാം പൂവിന്റെ ഭംഗി കൂട്ടുന്നു. വില കൂടിയ ബ്രൈഡൽ ബുക്കെ ഉണ്ടാക്കാനായി യൂസ്റ്റോമയ്ക്കു നല്ല ഡിമാൻഡ് ഉണ്ട്. അലങ്കാരത്തിൽ പൂക്കൾ ഒരാഴ്ചയോളം വാടാതെ നിൽക്കും. കൂനൂരിലും കൊടൈക്കനാലിലും ബെംഗളൂരുവിലുമുള്ള ഫാമുകളിൽ യൂസ്റ്റോമ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. വിത്തു വഴി വളർത്തിയെടുക്കുന്ന ചെടി പൂവിടാൻ 78 മാസം പ്രായമാകും.

സൂര്യകാന്തിയുടെ വലുപ്പത്തിൽ പൂക്കളുള്ള നൂതന ഇനങ്ങൾ കട്ട് ഫ്ലവറായി പുഷ്പാലങ്കാരത്തിൽ ഉപയോഗത്തിലുണ്ട്. സാങ്കേതികമായി സൂര്യകാന്തിപ്പൂവ് ചെറുപൂക്കളുടെ കൂട്ടമാണ്. കടും മഞ്ഞ ഇതളുകളുള്ള പൂക്കളുകളുടെ വലയത്തിനുള്ളിൽ കറുത്ത ചെറു പൂക്കൾ ഉൾപ്പെടുന്ന ഭാഗവും കൂടിയുള്ള കട്ട് ഫ്ലവർ ഇനം സൂര്യകാന്തിക്കു വേറിട്ട അഴകാണ്. മിക്ക കട്ട് ഫ്ലവർ ഇനങ്ങളിലും പൂമ്പൊടിയും വിത്തുമില്ല. അതിനാൽ പൂവിന് ആയുസ്സു കൂടും. അനുകൂലാവസ്ഥയിൽ 45 ദിവസം കേടാകാതെ നിൽക്കും. പൂന്തണ്ടിനു നല്ല നീളമുള്ള ഇനങ്ങളാണ് അലങ്കാരത്തിൽ ഉപയോഗിക്കുക. കട്ട് ഫ്ലവർ ആവശ്യത്തിനു സൂര്യകാന്തി കർണാടകയിൽ പലയിടത്തും ഊട്ടിയിലുമൊക്കെ കൃഷി ചെയ്യുന്നുണ്ട്. അലങ്കാരത്തിനായി നടുവിലുള്ള കറുത്ത ചെറു പൂക്കൾ വിരിഞ്ഞു തുടങ്ങിയ പൂക്കൾ തിരഞ്ഞെടുക്കുക.

# ബാർബി എക്സ് ഫ് ളിപ്പ് ഫോണുമായി എച്ച്എംഡി

**കൊച്ചി:** എച്ച്എംഡി (ഹ്യൂമൻ മൊബൈൽ ഡിവൈസസ്) സ്വന്തം ബ്രാൻഡിൽ മൊബൈൽ ഫോണുകൾ നിർമിക്കാനൊരുങ്ങുന്നു. ഈ വർഷം മുതൽ എച്ച്എംഡി എന്ന് ബ്രാൻഡിലായിരിക്കും കമ്പനി പുതിയ മൊബൈൽ ഫോണുകൾ പുറത്തിറക്കുക. അതേസമയം നോക്കിയ ബ്രാൻഡിൽ ഫോണുകളുടെ വിൽപന തുടരുകയും ചെയ്യും. ഇതിനായി മൾട്ടിബ്രാൻഡ് സ്ട്രാറ്റജിയും കമ്പനി പ്രഖ്യാപിച്ചു. പുതിയ എച്ച്എംഡി ഒറിജിനൽ ഡിവൈസുകൾ അവതരിപ്പിക്കുന്നതിനോടൊപ്പം, നോക്കിയ ഫോണുകൾ തുടർന്നും വിപണിയിൽ ലഭ്യമാക്കുക, പ്രചോദനാത്മകമായ പാർട്ണർഷിപ്പ് തുടരുക എന്നിവയാണ് മൾട്ടിബ്രാൻഡ് സ്ട്രാറ്റജി സമീപനത്തിലേക്ക് പരിണമിക്കുക എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്ന് എച്ച്എംഡി വ്യക്തമാക്കുന്നു.



ഉപഭോക്താക്കൾക്ക് താങ്ങാനാവുന്നതും സ്വയം റിപ്പയർ ചെയ്യാവുന്നതുമായ ഫോണുകൾ നിർമിക്കുകയാണ് എച്ച്എംഡിയുടെ ലക്ഷ്യം. കൂടുതൽ ഈടുനിൽക്കുന്ന ഫോൺ ലഭ്യമാക്കുക വഴി ഇമാലിന്യം കുറയ്ക്കാനും ലക്ഷ്യമിടുന്നു. ഈ സമ്മറിൽ തന്നെ ഇത്തരത്തിലുള്ള ഡിവൈസ് വിപണിയിലിറക്കാനാണ് കമ്പനി പദ്ധതിയിടുന്നത്. ലോകമെമ്പാടുമുള്ള കൂടുതൽ കമ്മ്യൂണിറ്റികൾക്ക് സാങ്കേതികവിദ്യ കൂടുതൽ ആക്സസ് ചെയ്യാവുന്ന തരത്തിൽ നവീകരണത്തിനുള്ള ഒരു പ്ലാറ്റ്ഫോമായിരിക്കും ഈ സ്മാർട്ട്ഫോൺ എന്ന് എച്ച്എംഡി അറിയിച്ചു.മാറ്റലുമായുള്ള പങ്കാളിത്തത്തിന്റെ ഭാഗമായി ബാർബി എക്സ് ഫ്ലിപ്പ് ഫോണും ഈ സമ്മറിൽ പുറത്തിറങ്ങും. മൊബൈൽ വേൾഡ് കോൺഗ്രസിലായിരിക്കും ഇതിന്റെ അവതരണം. കഴിഞ്ഞ രണ്ട് വർഷം മൊബൈൽ വിപണിയിൽ ഇടിവുണ്ടായെങ്കിലും എച്ച്എംഡി 2023ലെ പ്രവർത്തന ലാഭത്തിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നു.

അനന്തമായ സഹകരണ സാധ്യതകൾ തുറക്കുന്ന പുതിയ എച്ച്എംഡി മൾട്ടി ബ്രാൻഡ് തന്ത്രം പ്രഖ്യാപിക്കുന്നതിൽ ഞങ്ങൾ ഏറെ ആവേശത്തിലാണെന്ന് ഇതേകുറിച്ച് സംസാരിച്ച എച്ച്എംഡി ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു. ബാർബി കോബ്രാൻഡഡ് ഡിവൈസ് അവതരിപ്പിക്കുന്നതിന് ടോയ് കമ്പനിയായ മാറ്റലുമായുള്ള ഞങ്ങളുടെ ആഗോള ബന്ധം ഇതിന്റെ ഒരു പ്രധാന ഉദാഹരണമാണ്. ഇന്ത്യയ്ക്കും മറ്റ് വിപണികൾക്കുമായുള്ള ശക്തമായ ഒരു സ്മാർട്ട് 5ജി ഉത്പന്ന നിരയെ കുറിച്ച് ഞങ്ങൾ ഉടൻ പ്രഖ്യാപനം നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

ഞങ്ങളുടെ ഏഴു വർഷത്തെ യാത്രയിൽ ഏറെ സഹകരണവും പിന്തുണയും നേടാൻ ഞങ്ങൾക്ക് കഴിഞ്ഞെന്നും, പുതിയ എച്ച്എംഡിയെ ലോകത്തെ പരിചയപ്പെടുത്തുന്നതിനനുസരിച്ച് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ഞങ്ങൾക്ക് പദ്ധതിയുണ്ടെന്നും എച്ച്എംഡി സഹസ്ഥാപകനും ചെയർമാനും സിഇഒയുമായ ജീൻഫ്രാങ്കോയിസ് ബാരിൽ പറഞ്ഞു.

# വിമാനത്തിലെ സുരക്ഷാ നിർദേശങ്ങൾ നൃത്ത രൂപങ്ങളിൽ സമന്വയിപ്പിച്ച് എയർ ഇന്ത്യ

**കൊച്ചി:** ആഗോള വിമാന കമ്പനിയായ എയർ ഇന്ത്യയുടെ ഇൻഫ്ളൈറ്റ് സുരക്ഷാ നിർദ്ദേശങ്ങൾ രാജ്യത്തിൻറെ തനത് നൃത്ത രൂപങ്ങളുമായി കൂട്ടിയിണക്കിയ പുതിയ സേഫ്റ്റി വീഡിയോ 'സേഫ്റ്റി മുദ്രാസ്' പുറത്തിറക്കി. കഥകളിയുടെ ഗാംഭീര്യവും മോഹിനിയാട്ടത്തിൻറെ ചാരുതയും ഉൾപ്പെടുത്തിയുള്ള വീഡിയോ യാത്രക്കാരുടെ സുരക്ഷാ മുൻകരുതലിനൊപ്പം സാംസ്കാരിക പൈതൃകത്തേയും കൊണ്ടാടുന്നുണ്ട്.



ബിഹു, കഥക്, ഒഡീസി, ഭരതനാട്യം, ഗൂമർ, ഗിദ്ദ തുടങ്ങിയ നൃത്ത രൂപങ്ങളും വീഡിയോയിൽ ഉണ്ട്.മക്കാൻ വേൾഡ് ഗ്രൂപ്പിലെ പ്രസൂൺ ജോഷി, ഗ്രാമി അവാർഡ് ജേതാവായ സംഗീതസംവിധായകനും ഗായകനുമായ ശങ്കർ മഹാദേവൻ, ഭരത്ബാല എന്നിവർക്കൊപ്പം കലാമണ്ഡലം ശിവദാസ്, ശ്രുതി പ്രജീഷ്, രേണുക എം., ഐശ്വര്യ പി.വി., പവിത്ര ശങ്കർ എന്നീ പ്രതിഭകളും അടങ്ങുന്ന സംഘമാണ് ഈ വീഡിയോയുടെ പിന്നിൽ. കേരളത്തിൻറെ ഓളപ്പരപ്പുകളിൽ ചിത്രീകരിച്ച ഈ വീഡിയോയിൽ വിമാനത്തിനുള്ളിലെ ഇലക്ട്രോണിക് ഗാഡ്ജെറ്റുകളുടെയും പുകവലിയുടെയും നിരോധനമാണ് വിവരിക്കുന്നത്.രാജ്യത്തിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ ഉൾപ്പെടുത്തിയുള്ള സുരക്ഷാ നിർദ്ദേശങ്ങൾ ലോകമെമ്പാടുമുള്ള സഞ്ചാരികൾക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ എയർ ഇന്ത്യ ഏറെ സന്തോഷിക്കുന്നുവെന്ന് എയർ ഇന്ത്യയുടെ സിഇഒയും എംഡിയുമായ കാംപ്ബെൽ വിൽസൺ പറഞ്ഞു. ഈ ഇൻഫ്ളൈറ്റ് സുരക്ഷാ വീഡിയോ ഞങ്ങളുടെ അതിഥികളുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതും വിജ്ഞാനപ്രദവുമാണ്. ഒപ്പം അവർ വിമാനത്തിൽ കാലുകുത്തുന്ന നിമിഷം മുതൽ ഇന്ത്യയിലേക്ക് ഊഷ്മളമായ സ്വാഗതമോതുന്നവയാണെന്നും അദ്ദേഹം പറഞ്ഞു.

അത്യാധുനിക ഇൻഫ്ളൈറ്റ് എൻറർടെയ്ൻമെൻറ് സ്ക്രീനുകളുള്ള എയർ ഇന്ത്യയുടെ പുതിയ എ350 വിമാനത്തിലാണ് ഈ സുരക്ഷാ വീഡിയോ തുടക്കത്തിൽ പ്രദർശിപ്പിക്കുക. എയർ ഇന്ത്യയുടെ മറ്റ് വിമാനങ്ങളിലും ക്രമേണ ഇവ പ്രദർശിപ്പിക്കും. സമൂഹ മാധ്യമങ്ങളിലും വീഡിയോ ഇതിനകം തരംഗമായി കഴിഞ്ഞു.

# ഇന്ത്യയുടെ ആർട്ടിക് പര്യവേഷണത്തിൽ പങ്കുചേർന്ന് ജയിൻ കൽപ്പിത സർവകലാശാല

**കൊച്ചി:** ഇന്ത്യയുടെ ആദ്യ വിൻറർ ആർട്ടിക് പര്യവേഷണത്തിൽ ജയിൻ കൽപ്പിത സർവ്വകലാശാലയും പങ്ക്ചേരും. 2007 ലാണ് ഇന്ത്യ ആർട്ടിക് പര്യവേഷണം ആരംഭിച്ചത്. വിവിധ ശാഖകളിലുള്ള ഗവേഷണ പഠനത്തിനായുള്ള പര്യവേഷണം ഇതുവരെ വേനൽ മാസങ്ങളിൽ മാത്രമാണ് നടത്തിയിരുന്നത്. പോളാർ നൈറ്റ് എന്ന അതിശൈത്യകാലങ്ങളിലേയ്ക്ക് ഗവേഷണങ്ങൾ വിപുലീകരിക്കുന്നതിനും വർഷം മുഴുവൻ ഇന്ത്യൻ സാന്നിദ്ധ്യം ആർട്ടിക്കിൽ ഉറപ്പാക്കുന്നതിനുമായി 2023 ഡിസംബറിലാണ് ഇന്ത്യ വിൻറർ പര്യവേഷണം ആരംഭിച്ചത്. തുടർച്ചയായ രണ്ടാം തവണയാണ് ജെയിൻ സർവകലാശാല ആർട്ടിക് പര്യവേഷണത്തിൽ പങ്കെടുക്കുന്നത്. പോളാർ നൈറ്റ് എന്നറിയപ്പെടുന്ന അതിശൈത്യകാലത്ത് ദിവസം മുഴുവൻ ഏറെക്കുറെ സൂര്യപ്രകാശം ഉണ്ടാവാറില്ല. ഈ അന്തരീക്ഷത്തിൽ നടത്തേണ്ട പഠനങ്ങൾക്കാണ് സംഘം മുൻഗണന നൽകുന്നത്. പര്യവേഷണത്തിൻറെ നാലാമത്തെ സംഘത്തിൽ ജയിൻ കൽപ്പിത സർവ്വകലാശാലയിലെ മറൈൻ സയൻസ് വിഭാഗം അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.ജിപ്സൻ ഇടപ്പഴം പങ്ക്ചേരും.

ആഗോള താപനത്തിൻറെ ഭാഗമായി ആർട്ടിക്കിലേയ്ക്ക് ജീവജാലങ്ങൾ കൂട്ടപലായനം ചെയ്യുന്നതിനെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൻറെ സഹായത്തോടെ ട്രാക്ക് ചെയ്ത് ഡോക്യുമെൻറ് ചെയ്യുന്നതാണ് പഠന വിഷയം. ഡോ.ഫെലിക്സ് എം.ഫിലിപ്പ് (അസിസ്റ്റന്റ് പ്രൊഫസർ)ഡോ.ലക്ഷ്മി ദേവി (അസിസ്റ്റന്റ് പ്രൊഫസർ,ജയിൻ യൂണിവേഴ്‌സിറ്റി ) ,അനുപമ ജിംസ് ( അസിസ്റ്റന്റ് പ്രൊഫസർ,ചിന്മയ വിശ്വവിദ്യാപീഠ്) എന്നിവരാണ് പ്രോജക്റ്റിലെ മറ്റ് അംഗങ്ങൾ. ഭൗമ മന്ത്രാലയത്തിൻറെ കീഴിലുള്ള നാഷണൽ സെൻറർ ഫോർ പോളാർ ആൻറ് ഓഷ്യൻ റിസർച്ചാണ് പര്യവേഷണം സാധ്യമാക്കുന്നത്. കഴിഞ്ഞ വർഷം മെയ്മാസത്തിൽ നടന്ന വേനൽക്കാല പര്യവേഷണത്തിലും ഡോ. ഫെലിക്സ് എം.ഫിലിപ്പ് ഭാഗമായിരുന്നു.

# ഭിന്നശേഷിക്കാർക്ക് തൊഴിൽ അവസരം: ആക്സിസ് ബാങ്ക് ഫൗണ്ടേഷനും ടെറൈനും സഹകരിക്കുന്നു

**കൊച്ചി:** ഭിന്നശേഷിക്കാരായ വ്യക്തികളെ ശാക്തീകരിക്കാനായി ആക്സിസ് ബാങ്ക് ഫൗണ്ടേഷനും ട്രസ്റ്റ് ഫോർ റീട്ടെയ്ലേഴ്സ് ആന്റ് റീട്ടെയ്ൽ അസോസ്സിയേറ്റ്സ് ഇന്ത്യയും (ടെറൈൻ) സസ്റ്റൈനബിൾ ലൈവിലിഹുഡ് പ്രോഗ്രാം അവതരിപ്പിച്ചു. ഭിന്നശേഷിക്കാരെ ശേഷി വികസനത്തിനും റീട്ടെയിൽ രംഗത്തെ തൊഴിൽ അവസരങ്ങൾക്കും അനുയോജ്യമായ രീതിയിൽ പരിശീലിപ്പിക്കുയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. റീട്ടെയിൽ രംഗത്തും അനുബന്ധ മേഖലകളിലും കൂടുതൽ വൈവിധ്യമാർന്നതും തുല്യതയോടു കൂടിയതും ഉൾപ്പെടുത്തിയുള്ളതുമായ തൊഴിൽ സേനയെ വളർത്തിയെടുക്കാനും സംസാര, കേൾവി പ്രശ്നങ്ങൾ, ലോക്കോമോട്ടീവ് വൈകല്യങ്ങൾ, കുറഞ്ഞ കാഴ്ച തുടങ്ങിയവ ഉള്ളവരുടെ അഭിമാനം വർധിപ്പിക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

# അമേരിക്കയിലും ചുവടുറപ്പിച്ച് ആക്സിയ ടെക്നോളജീസ്

**കൊച്ചി:** ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോകോത്തര വാഹനസോഫ്ട്‌വെയർ കമ്പനിയായ ആക്സിയ ടെക്നോളജീസിന്റെ പ്രവർത്തനങ്ങൾ അമേരിക്കയിലേക്കും വിപുലപ്പെടുത്തി കമ്പനി. മേഖലയിൽ നിലവിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും കമ്പനി മേധാവിയെയും തെരെഞ്ഞെടുത്തു. സ്കോട്ട് എ കുയാവ കമ്പനിയുടെ വൈസ് പ്രസിഡന്റ്, ജനറൽ മാനേജർ എന്നീ ചുമതലകൾ വഹിക്കും. മിഷിഗണിലെ ഡിട്രോയിറ്റിലുള്ള ആക്സിയ ടെക്നോളജീസിന്റെ സബ്സിഡറി കേന്ദ്രീകരിച്ചായിരിക്കും പ്രവർത്തനം. ഓട്ടോമോട്ടീവ് എഞ്ചിനീറിങ് രംഗത്ത് 30 വർഷത്തിലേറെ പരിചയസമ്പത്തുമായാണ് സ്കോട്ട് ആക്സിയ ടെക്നോളജീസിൽ എത്തിയിരിക്കുന്നത്. പരോക്ഷമായി ഇന്ത്യയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ് അമേരിക്കയിലേക്കുള്ള ഈ ചുവടുവയ്പ്പ്.

# ഗോദ്റെജ് ഇൻഡസ്ട്രീസിന് മികച്ച സ്ഥാനം

**കൊച്ചി:** സിഡിപിയുടെ ക്ലൈമറ്റ് ചെയ്ഞ്ച് ലീഡർഷിപ്പ് സൂചിക 2023ൽ ഗോദ്റെജ് ഇൻഡസ്ട്രീസ് (കെമിക്കൽസ്) മികച്ച സ്ഥാനങ്ങൾ കൈവരിച്ചു. കാലാവസ്ഥാ വ്യതിയാന വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് 'എ' എന്ന സ്കോറാണ് ഗോദ്റെജ് ഇൻഡസ്ട്രീസ് (കെമിക്കൽസ്) നേടിയത്.

പരിസ്ഥിതി സംബന്ധമായ വെളിപ്പെടുത്തലുകൾ നടത്തുന്ന ആഗോള തലത്തിലെ ലാഭേച്ഛയില്ലാതെ നടത്തുന്ന സംവിധാനമാണ് സിഡിപി. 67 ട്രില്യൺ വിപണി മൂല്യമുള്ള 23,000ത്തിൽ ഏറെ കമ്പനികളാണ് 2023ൽ തങ്ങളുടെ പരിസ്ഥിതി സംബന്ധമായ ഡാറ്റ ഇവിടെ വെളിപ്പെടുത്തിയത്. ഇങ്ങനെ കമ്പനികൾ നൽകുന്ന വിവരങ്ങൾ സ്വതന്ത്രമായി വിലയിരുത്തി സിഡിപിയുടെ സ്കോറിങ് രീതികൾക്ക് അനുസൃതമായി തരംതിരിക്കുകയാണു ചെയ്യുന്നത്.

സിഡിപി ലീഡർഷിപ് സൂചികയിൽ ഉൾപ്പെടാനായ അപൂർവ്വം ഇന്ത്യൻ കമ്പനികളിൽ ഒന്ന് എന്ന നേട്ടമാണ് ഗോദ്റെജ് ഇൻഡസ്ട്രീസിന് (കെമിക്കൽസ്) സ്വന്തമായത്. കാലാവസ്ഥാ മാറ്റങ്ങളുമായി ബന്ധപ്പെട്ടവയ്ക്കു പുറമെ ജല സുരക്ഷ സംബന്ധിച്ച് 'ബി', വനങ്ങൾ സംബന്ധിച്ച് 'ബി', തുടങ്ങിയവ കൈവരിച്ചിട്ടുണ്ടൺ. ഏഷ്യയിലെ ശരാശരിയേക്കാളും കെമിക്കൽ വിഭാഗത്തിലെ കമ്പനികൾ 'സി' എന്ന ശരാശരി സ്കോർ കൈവരിച്ച സ്ഥാനത്താണ് ഗോദ്റെജ് ഇൻഡസ്ട്രീസിൻറെ (കെമിക്കൽസ്) ഈ നേട്ടം.ആഗോള തലത്തിൽ തങ്ങൾ വിപുലീകരണം നടത്തുമ്പോൾ തങ്ങളുടെ ഉൽപന്നങ്ങളുടെ കാര്യത്തിൽ നടത്തുന്ന ചെറിയ നീക്കങ്ങൾ പോലും കാലാവസ്ഥാ മാറ്റങ്ങൾക്ക് എതിരെ പൊരുതുന്നതിൽ വലിയ പിന്തുണയാകുമെന്ന് ഗോദ്റെജ് ഇൻഡസ്ട്രീസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ നാദിർ ഗോദ്റെജ് പറഞ്ഞു.

# നിസാൻ ഫോർമുല ഇ ടീമും കോറൽ ഐവെയറും പാർട്ട്ണർഷിപ്പിന്

**കൊച്ചി:** നിസാൻ ഫോർമുല ഇ ടീം, സൺഗ്ലാസ്, വസ്ത്ര കമ്പനി കോറൽ ഐവെയറുമായി ദീർഘകാല പാർട്ട്ണർഷിപ്പ് പ്രഖ്യാപിച്ചു. ഇതുപ്രകാരം റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കും സസ്യാധിഷ്ഠിത സാമഗ്രികളും ഉപയോഗിച്ച് കോറൽ ഐവെയർ നിർമ്മിച്ച വ്യത്യസ്ത ഉൽപന്നങ്ങളാകും നടപ്പ് സീസണിലും പിന്നീടും നിസാൻ ഫോർമുല ഇ ടീം അംഗങ്ങൾക്കു വിതരണം ചെയ്യുന്നത്. കൂടാതെ മാർച്ച് അവസാനം നടക്കുന്ന പ്രാരംഭ ടോക്കിയോ ഇപ്രീക്കു മുന്നോടിയായി ടീം നിറങ്ങളും ലോഗോകളും പതിപ്പിച്ച നിസാൻ ഫോർമുല ഇ ടീം സൺഗ്ലാസുകളുടെ പ്രത്യേക പതിപ്പ് കോറൽ പുറത്തിറക്കും.

ഉത്പാദന, വിതരണ പ്രക്രിയയുടെ ഓരോ ഘട്ടത്തിലും പാരിസ്ഥിതിക ഉത്തരവാദിത്തം നിറവേറ്റുന്നതിൽ പ്രതിബദ്ധത പുലർത്തുന്ന കോറൽ ഐവെയർ മലിനീകരണത്തിൽ 90% കുറവ് ഉറപ്പാക്കുന്നുണ്ട്. നിസാന്റെ ഇലക്ട്രിക് വാഹനങ്ങളും കുറഞ്ഞ പാരിസ്ഥിതിക ആഘാതം മാത്രമാണ് ഉണ്ടാക്കുന്നത്. കോറൽ ഐവെയറുമായുള്ള പങ്കാളിത്തം പ്രചോദനാത്മകമാണെന്നു നിസാൻ ഫോർമുല ഇ ടീം മാനേജിംഗ് ഡയറക്ടറും ടീം പ്രിൻസിപ്പലുമായ ടോമാസോ വോൾപ്പ് പറഞ്ഞു. കോറലിന്റെ ദൗത്യം നിസാൻ ടീമിന്റെ മൊത്തത്തിലുള്ള മൂല്യങ്ങളുമായി തികച്ചും യോജിക്കുന്നതാണ്. നിസാൻ ഫോർമുല ഇ ടീമുമായി സഹകരിക്കുന്നതിൽ അതിയായ അഭിമാനമുണ്ടെന്നു കോറൽ ഐവെയർ സഹസ്ഥാപകൻ ജോർജ്ജ് ബെയ്‌ലിയും പറഞ്ഞു.

# ആൻജിയോപ്ലാസ്റ്റിക്ക് ശേഷമുള്ള ജീവിതം; സെമിനാർ സംഘടിപ്പിച്ച് അപ്പോളോ അഡ്‌ലക്സ് ആശുപത്രി

**അങ്കമാലി:** ആൻജിയോപ്ലാസ്റ്റിക്ക് ശേഷമുള്ള ജീവിതത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ ആൻജിയോപ്ലാസ്റ്റി കഴിഞ്ഞവർക്കായി ഹൃദയസ്പർശം എന്നപേരിൽ പ്രത്യേക സെമിനാർ സംഘടിപ്പിച്ച് അങ്കമാലി അപ്പോളോ അഡ്‌ലക്സ് ആശുപത്രി. രാവിലെ 11 മുതൽ അപ്പോളോ അഡ്‌ലക്സ് ആശുപത്രിയിൽ നടന്ന പരിപാടിയിൽ ഡോ. എൻ. ബാലകൃഷ്ണൻ (സീനിയർ കൺസൾട്ടന്റ്), ഡോ. ഹർഷ ജീവൻ (സീനിയർ കൺസൾട്ടന്റ് ആൻഡ് എച്ച്.ഒ.ഡി), ഡോ. ത്രുദീപ് സാഗർ (കൺസൾട്ടന്റ്), സ്വീറ്റി (സീനിയർ ക്ലിനിക്കൽ ഡയറ്റീഷ്യൻ) എന്നിവർ സംസാരിച്ചു. തുടർന്ന് സെമിനാറിൽ പങ്കെടുത്തവരുടെ സംശയനിവാരണ സെഷനും നടന്നു.അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ സി.ഇ.ഒ ബി. സുദർശൻ, ഡയറക്ടർ ഓഫ് മെഡിക്കൽ സർവീസസ് ഡോ. ആർ. രമേശ് കുമാർ, മെഡിക്കൽ സുപ്രണ്ട് ഡോ. സജു സാമുവൽ, സി.ഒ.ഒ ഡോ. ഷുഹൈബ് ഖാദർ തുടങ്ങിയവർ പങ്കെടുത്തു.

# കാലിക്കറ്റിന് സീസണിലെ ആദ്യ തോൽവി നൽകി മുംബൈ മിറ്റിയോഴ്സ്



**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23 യുടെ മൂന്നാം സീസണിൽ കാലിക്കറ്റ് ഹീറോസിന് ആദ്യ തോൽവി. ബുധനാഴ്ച ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ മുംബൈ മിറ്റിയോഴ്സാണ് കാലിക്കറ്റിനെ കീഴടക്കിയത് (15,13, 9,15, 21,19, 15,12). ശുഭം ചൗധരിയാണ് കളിയിലെ താരം.അജിത് ലാലിന്റെ തകർപ്പൻ പ്രകടനത്തിന്റെ ബലത്തിൽ മുംബൈ ആദ്യ ഘട്ടത്തിൽതന്നെ കുതിച്ചു. എന്നാൽ സ്വയം വരുത്തിയ പിഴവുകൾ അവർക്ക് തിരിച്ചടിയായി. ഡാനിയൽ മൊയത്യേദിയെ മുൻനിർത്തി കാലിക്കറ്റ് പ്രത്യാക്രമണങ്ങൾ നെയ്തെങ്കിലും ശുഭം ചൗധരിയുടെ തകർപ്പൻ സെർവുകൾ മുംബൈയെ മുന്നിലെത്തിച്ചു. മോഹൻ ഉക്രപാണ്ഡ്യന് സ്വതന്ത്രമായി അറ്റാക്കർക്കമാർക്ക് പന്തെത്തിക്കാൻ കഴിയാത്ത് കാലിക്കറ്റിന് തിരിച്ചടിയായി. രണ്ടാം സെറ്റിൽ തിരിച്ചുവന്നെങ്കിലും കാലിക്കറ്റ് അടുത്ത രണ്ട് സെറ്റിലും മുംബൈയുടെ പിന്നിലായി. ഇന്ന് വൈകിട്ട് 6.30ന് നടക്കുന്ന കളിയിൽ കൊൽക്കത്ത തണ്ടർബോൾട്സ് ഹൈദരാബാദ് ബ്ലാക്ഹോക്സിനെ നേരിടും.

# മിൽമ പാലിന് 10 രൂപ അധികവില നൽകും

**കൊച്ചി:** മിൽമ എറണാകുളം മേഖലാ യൂണിയൻ മാർച്ച് മാസം പാലിന് 10 രൂപ അധികവില നൽകും. മിൽമ എറണാകുളം മേഖലാ യൂണിയൻ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 10 രൂപ വീതം പ്രോത്സാഹന വിലയായി അധികം നൽകുന്നതിന് ഭരണസമിതി യോഗം തീരുമാനിച്ചതായി ചെയർമാൻ എം.ടി.ജയൻ അറിയിച്ചു. മാർച്ച് 1 മുതൽ 31 വരെ വരെയാണ് പ്രോത്സാഹന അധികവില പ്രഖ്യാപിച്ചിരിക്കുന്നത്.

എറണാകുളം, തൃശൂർ, കോട്ടയം, ഇടുക്കി ജില്ലകളിലെ 1000 ൽ പരം വരുന്ന പ്രാഥമിക ക്ഷീരസംഘങ്ങളിൽപാലളക്കുന്ന കർഷകർക്കും, സംഘങ്ങൾക്കുമാണ് ഇതിൻറെ പ്രയോജനം ലഭിക്കുക,ഫെബ്രുവരി 1 മുതൽ സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 7 രൂപ അധികം നൽകിയിരുന്നു. ഇതിൽ 5 രൂപ കർഷകനും, 2 രൂപ സംഘത്തിനുമാണ് ലഭിച്ചത് . മാർച്ച് 1 മുതൽ പ്രോത്സാഹന അധിക വില 10 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇതിൽ 6 രൂപ കർഷകനും 4 രൂപ സംഘത്തിനും, സംഘത്തിനു നൽകുന്ന4 രൂപയിൽ നിന്നും 1 രൂപ മേഖലാ യൂണിയൻറെ സംഘത്തിൻറെ ഷെയറായി വകയിരുത്തും.മേഖലാ യൂണിയൻറെ പ്രവർത്തന ലാഭത്തിൽ നിന്നും 16 കോടി രൂപയാണ് ഈ ഇനത്തിൽ ചിലവ് പ്രതീക്ഷിക്കുന്നത്. 3 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം മേഖലാ യൂണിയൻ പ്രാഥമിക സംഘങ്ങളിൽ നിന്നും സംഭരിക്കുന്നത്. മിൽമയിലെ ജീവനക്കാരുടെ മുൻകാലങ്ങളിലെ മൂന്ന് വർഷത്തെ പേ റിവിഷൻ അരിയേഴ്സ് നൽകുന്നതിന് വേണ്ടി 17 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. 5 കോടി രൂപ ചിലവ് വരുന്ന ഇന്ത്യയിൽ ആദ്യമായി മേഖലാ യൂണിയൻ നടത്തുന്ന സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി വിപുലമായി നടക്കുന്നുണ്ടെന്നും

കൂടാതെ കർഷകർക്കും സംഘങ്ങൾക്കുമായി ഈ സാമ്പത്തിക വർഷം എൻഡിഡിബിയുടെ സഹായത്തോടെയും മേഖലാ യൂണിയൻറെ പ്രവർത്തന ലാഭത്തിൽ നിന്നുമായി 10 കോടി രൂപ കൂടി ചിലവാക്കും, ക്ഷീര സഹകരണ മേഖലയുടെ ചരിത്രത്തിൽ ഒരു മേഖലാ യൂണിയൻ നൽകുന്ന ഏറ്റവും വലിയ പ്രോത്സാഹന അധികവിലയാണ് ഇപ്പോൾ എറണാകുളം മേഖലാ യൂണിയൻ പ്രഖ്യാപിച്ചിരിക്കുന്നതെന്ന് ചെയർമാൻ എം.ടി.ജയൻ അറിയിച്ചു.

# ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ഫെറി കൊച്ചിയിൽ നീറ്റിലിറക്കി



**കൊച്ചി:** കൊച്ചിൻ ഷിപ്യാർഡ് നിർമിച്ച ഇന്ത്യയിലെ ആദ്യ ഹൈഡ്രജൻ ഫ്യൂവൽ സെൽ ഫെറി പ്രധാനമന്ത്രി നരേന്ദ്ര മോഡി ഫ്ളാഗ് ഓഫ് ചെയ്തു. തൂത്തുകുടിയിൽ നിന്ന് വെർച്ചലായാണ് പ്രധാനമന്ത്രി ചടങ്ങിൽ പങ്കെടുത്തത്. ഉത്തർ പ്രദേശിലെ വാരാണസിയിലാണ് ഈ ഹൈഡ്രജൻ ബോട്ട് സർവീസ് നടത്തുക. ഹരിത നൗക പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച ബോട്ടാണിത്. പ്രകൃതി സൗഹൃദ ഇന്ധന സാങ്കേതികവിദ്യയിൽ ഇന്ത്യയുടെ നിർണായക ചുവടുവയ്പ്പായ ഈ ഹൈഡ്രജൻ ഫ്യൂവൽ സെൽ കാറ്റമരൻ ഫെറി പൂർണമായും തദ്ദേശീയമായാണ് നിർമ്മിച്ചത്. ചടങ്ങിൽ കൊച്ചിൻ ഷിപ്യാർഡ് സിഎംഡി മധു എസ് നായർ, ഹൈബി ഈഡൻ എംപി, ഡയറക്ടർഓപറേഷൻസ് ശ്രീജിത്ത് നാരായണൻ, ഡയറക്ടർഫിനാൻസ് ജോസ് വി.ജെ., ഡയറക്ടർടെക്നിക്കൽ ബിജോയ് ഭാസ്കർ, എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

## എലിഫന്റ് ഹൗസുമായി പങ്കാളിത്തം പ്രഖ്യാപിച്ച് റിലയൻസ്

**കൊച്ചി / മുംബൈ:**റിലയൻസ് റീട്ടെയിൽ വെഞ്ചേഴ്സ് ലിമിറ്റഡിന്റെ എഫ്എംസിജി വിഭാഗവും, പൂർണ ഉടമസ്ഥതയിലുള്ള ഉപസ്ഥാപനവുമായ റിലയൻസ് കൺസ്യൂമർ പ്രോഡക്ട്സ് ലിമിറ്റഡ് ശ്രീലങ്ക ആസ്ഥാനമായുള്ള എലിഫന്റ് ഹൗസുമായി ചേർന്ന് ഇന്ത്യയിലുടനീളം എലിഫന്റ് ഹൗസ് ബ്രാൻഡിന് കീഴിലുള്ള പാനീയങ്ങളുടെ നിർമ്മാണം, വിതരണം വിൽപ്പന എന്നിവയ്ക്കുള്ള കരാറിലേർപ്പെട്ടു.ശ്രീലങ്കയിലെ ഏറ്റവും വലിയ ലിസ്റ്റഡ് കമ്പനിയായ ജോൺ കീൽസ് ഹോൾഡിംഗ്സ് പിഎൽസിയുടെ അനുബന്ധ സ്ഥാപനമായ സിലോൺ കോൾഡ് സ്റ്റോഴ്സിന്റെ ഉടമസ്ഥതയിലുള്ളതാണ് എലിഫന്റ് ഹൗസ്.എലിഫന്റ് ഹൗസ് ബ്രാൻഡിന് കീഴിൽ, നെക്ടോ, ക്രീം സോഡ, ഇജിബി, ഓറഞ്ച് ബാർലി, ലെമനേഡ് എന്നിവയുൾപ്പെടെ നിരവധി പാനീയങ്ങൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്നു.നിലവിൽ കാമ്പ, സോസ്യോ, റാസ്കിക്ക് തുടങ്ങിയ ശീതളപാനീയ ഉത്പന്നങ്ങൾ ആർസിപിഎല്ലിന്റെ പോർട്ടഫോളിയോയിൽ ഉള്ളതാണ്.

# ഇന്ന് അപൂർവ രോഗ ദിനം

## രോഗപ്രതിരോധശേഷിയിൽ ജന്മനായുള്ള തകരാറുകൾ പരിഹരിക്കുന്നതിലൂടെ അപൂർവ്വ രോഗം വരാതെ തടയാം

**കൊച്ചി:** ലോകം ഇന്ന് അപൂർവ രോഗ ദിനം ആചരിക്കുമ്പോൾ രോഗപ്രതിരോധശേഷിയിൽ ജന്മനായുള്ള തകരാറുകൾ പരിഹരിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ആരോഗ്യവിദഗ്ധർ. ഉപാപചയ പ്രവർത്തനത്തിലെ അപാകതകൾ, രക്തത്തിലെ ക്രമക്കേടുകൾ, ഘടനാപരമായ തകരാറുകൾ, അപൂർവമായ അർബുദങ്ങൾ എന്നിവയുൾപ്പെടെ നിരവധി അവസ്ഥകളെ ഉൾക്കൊള്ളുന്നവയാണ് അപൂർവ്വരോഗങ്ങൾ. പലപ്പോഴും രോഗിയുടെ ജീവന് ഭീഷണിയാകുന്നതും ജീവിതം പരിമിതപ്പെടുത്തുന്നതുമായ അപൂർവ്വ രോഗങ്ങളുടെ നിയന്ത്രണത്തിന് രോഗപ്രതിരോധ ശേഷിയിലെ ജന്മനായുള്ള പിഴവുകൾ പരിഹരിക്കുന്നതിലൂടെ സാധിക്കാമെന്ന് കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് റൂമറ്റോളജിസ്റ്റ് ഡോ. സുമ ബാലൻ ചൂണ്ടിക്കാട്ടുന്നു.

ആളുകളുടെ എണ്ണത്തിൽ 10000ൽ 6.510 താഴെയുള്ളതോ സംഭവങ്ങളിൽ 1:2000ൽ താഴെയുള്ളതോ ആണ് അപൂർവ രോഗങ്ങൾ. രോഗപ്രതിരോധ ശേഷിയിൽ ജന്മനായുള്ള തകരാറുകളുടെ കണക്കെടുത്താൽ 25 വർഷം മുമ്പ് ഇവ വിരലിലെണ്ണാവുന്നവ ആയിരുന്നെങ്കിൽ ഇപ്പോഴത് അഞ്ഞൂറോളം വരും. ഒരോ രണ്ടുവർഷം കൂടുമ്പോഴും ഈ പട്ടിക പുതുക്കപ്പെടുന്നുണ്ട്.

'ഏകദേശം 72% അപൂർവ രോഗങ്ങളും ഒരൊറ്റ ജീൻ മ്യൂട്ടേഷനിൽ നിന്നാണ് ഉണ്ടാകുന്നത്. ഇത് ഗുരുതരവും പലപ്പോഴും സാധാരണ ജീവിതത്തെ പരിമിതപ്പെടുത്തുന്നതുമായ അവസ്ഥകളിലേക്ക് നയിക്കും. രോഗം നേരത്തെ തിരിച്ചറിയുന്നതിനൊപ്പം സമയബന്ധിതമായ ഇടപെടലും നിർണ്ണായകമാണ്. കാരണം ഈ അവസ്ഥകളിൽ പലതിനും പ്രത്യേക പരിചരണവും ചികിത്സയും ആവശ്യമാണ്.'ഡോ. സുമ ബാലൻ പറയുന്നു.

അമൃത ഹോസ്പിറ്റലിലെ ഇൻബോൺ എറേഴ്സ് ഓഫ് ഇമ്മ്യൂണിറ്റി ക്ലിനിക് ഈ അപൂർവ വൈകല്യങ്ങളുള്ള രോഗികൾക്ക് സമഗ്രമായ പരിചരണം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. 'നിലവിൽ, അമൃതയിൽ രോഗപ്രതിരോധ സംവിധാനത്തിൽ ജന്മനാ പിഴവുകളുള്ള നൂറിലധികം രോഗികളെ ഞങ്ങൾ ചികിത്സിക്കുന്നുണ്ട്. പീഡിയാട്രിക് റൂമറ്റോളജിസ്റ്റുകൾ, ഹെമറ്റോളജിസ്റ്റുകൾ, ജനിതക വിദഗ്ധർ, പൾമണോളജിസ്റ്റുകൾ, ഗ്യാസ്ട്രോ എൻറോളജിസ്റ്റുകൾ, ന്യൂറോളജിസ്റ്റുകൾ, പകർച്ചവ്യാധി വിദഗ്ധർ എന്നിങ്ങനെ ഓരോ രോഗിയുടെയും ആവശ്യങ്ങൾക്കനുസരിച്ച് പ്രത്യേകവും സമഗ്രവുമായ പരിചരണം ഉറപ്പാക്കുന്നു.' ഡോ. സുമ ബാലൻ കൂട്ടിച്ചേർത്തു.

തന്മാത്രാ ജനിതകശാസ്ത്രത്തിലെ പുരോഗതി ഈ രോഗാവസ്ഥകളെ നന്നായി മനസ്സിലാക്കാനും ചികിത്സിക്കാനും സഹായിക്കുന്നു. 'രോഗം വരാതെ തടയാനുള്ള ആൻറിബയോട്ടിക്കുകൾ മുതൽ ഐവി ഇമ്യൂണോഗ്ലോബുലിൻ മാറ്റിസ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ കൂടാതെ മജ്ജ മാറ്റിവയ്ക്കുന്നത് വരെ രോഗപ്രതിരോധ ശേഷിയിൽ ജന്മനായുള്ള തകരാറുകൾക്ക് ചികിത്സാ ഓപ്ഷനുകൾ ഗണ്യമായി മെച്ചപ്പെട്ടു.' ഡോ. സുമ ബാലൻ പറഞ്ഞു.

എന്നിരുന്നാലും, ആരോഗ്യ പ്രവർത്തകരിലും പൊതുജനങ്ങളിലും അവബോധം വളർത്തേണ്ടതുണ്ട്. രോഗമുണ്ടോയെന്ന് നേരത്തെ സംശയിക്കപ്പെടുന്നതും അത് നിവാരണം ചെയ്യുന്നതിനായി പ്രത്യേക കേന്ദ്രങ്ങളിൽ ചികിത്സ തേടുന്നതും സമയബന്ധിതമായ രോഗനിർണയത്തിനും കൃത്യമായ ചികിത്സ ലഭ്യമാക്കുന്നതിനും നിർണായകമാണ്. കേന്ദ്രസർക്കാരിന്റെ അപൂർവരോഗ നയം ഇത്തരം രോഗികളെ പിന്തുണയ്ക്കുന്നതിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും സാമ്പത്തിക സഹായം വാഗ്ദാനം ചെയ്യുന്നുണ്ട്.

പലപ്പോഴും അവഗണിക്കപ്പെടുന്ന ഇത്തരം രോഗികൾക്കായി ഒന്നിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. ഓരോ രോഗിക്കും മികച്ച സേവനങ്ങൾ ലഭ്യമാക്കാനും മെച്ചപ്പെട്ട ജീവിതനിലവാരം ഉറപ്പുവരുത്താനും ഈ അപൂർവ്വ രോഗദിനം പ്രയോജനപ്പെടുത്താമെന്ന് ഡോ. സുമ ബാലൻ കൂട്ടിച്ചേർത്തു.

## ആയുർവേദ ചികിത്സയ്ക്കായി പ്രത്യേക വെൽനസ് കേന്ദ്രങ്ങൾ ആരംഭിക്കും: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വിദേശികളടക്കം കേരളത്തിന് പുറത്ത് നിന്നെത്തുന്നവരുടെ ആയുർവേദ ചികിത്സയ്ക്കായി പ്രത്യേക വെൽനസ് കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. അതിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യ വികസനവും പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ജീവനക്കാർക്ക് പ്രത്യേക പരിശീലനം നൽകുമെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം ഗവ. ആയുർവേദ കോളേജ് പൂജപ്പുര പഞ്ചകർമ്മ ആശുപത്രി ക്യാമ്പസിലെ യോഗ പരിശീലന കേന്ദ്രം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.ആരോഗ്യ സംരക്ഷണം, രോഗ പ്രതിരോധം, രോഗ നിർമാർജനം എന്നിവയ്ക്കാണ് ഈ കാലഘട്ടത്തിൽ ആരോഗ്യ മേഖല ഏറ്റവും പ്രാധാന്യം നൽകുന്നത്. നവ കേരളം കർമ്മപദ്ധതി ആർദ്രം രണ്ടിന്റെ ഭാഗമായുള്ള 10 പ്രധാന പദ്ധതികളിൽ ജീവിതശൈലീ രോഗ പ്രതിരോധം, കാൻസർ കെയർ പ്രോഗ്രാം, ഹെൽത്തി ലൈഫ് കാമ്പയിൻ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് കർമ്മ പദ്ധതികൾ ആവിഷ്ക്കരിച്ചത്. അതിൽ ആയുഷ് മേഖലയ്ക്ക് വലിയ സ്ഥാനമാണുള്ളത്.ശരീരത്തിന്റേയും മനസിന്റേയും ആരോഗ്യകരമായ നിലനിൽപ്പ് ഉറപ്പാക്കുന്നതിൽ യോഗയ്ക്ക് വലിയ സ്ഥാനമുണ്ട്. ഇത് തിരിച്ചറിഞ്ഞാണ് ജീവിതശൈലീ രോഗ പ്രതിരോധത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സംസ്ഥാനത്ത് 1000 യോഗ ക്ലബ്ബുകൾ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ആരംഭിച്ചിട്ടുള്ളത്. സമൂഹത്തിന്റെ പൊതുബോധം ഇതിലേക്ക് കൊണ്ടുവരുന്നതിന് സാധിച്ചു. ധാരാളം സ്ത്രീകളും ചെറുപ്പക്കാരും യോഗ ക്ലബ്ബിലേക്ക് എത്തുന്നത് വലിയ രീതിയിൽ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതാണ്.

പുജപ്പുര പഞ്ചകർമ്മ ആശുപത്രിയിൽ 1 കോടി രൂപ ചെലവഴിച്ചാണ് ഒരു യോഗ പരിശിലന കേന്ദ്രവും വിശ്രമ മന്ദിരവും സ്ഥാപിച്ചത്. ഒരേ സമയം 25 പേർക്ക് യോഗ പരിശീലനം നൽകുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. രോഗികളുടെ കൂട്ടിരിപ്പുകാർക്കും, യോഗ പരിശീലനത്തിനെത്തുന്ന പൊതുജനങ്ങൾക്കും വേണ്ടി മതിയായ ടോയ്ലെറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% CUSTOMER SATISFACTION GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡുമായി പങ്കാളിത്തം



**മുംബൈ :** ഇൻവെന്ററി ഫണ്ടിംഗിനായി മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡുമായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ധാരണാപത്രം ഒപ്പുവെച്ചു. ഇരു സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രമുഖരുടെ സാന്നിധ്യത്തിൽ മുംബൈയിലെ ബാങ്കിന്റെ ആസ്ഥാനത്തു വച്ചാണ് ധാരണാപത്രം ഒപ്പുവെച്ചത്.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ തങ്ങളുടെ വിപുലമായ ശൃംഖലയിലൂടെ ഡീലർമാരെ പിന്തുണയ്ക്കുന്ന പൂർണ്ണ ഓട്ടോമേറ്റഡ് പ്ലാറ്റ്ഫോമിൽ ഡിജിറ്റൽ യാത്രയിലൂടെ സമഗ്രമായ ഉൽപ്പന്നങ്ങൾ വാഗ്ദാനം ചെയ്യുന്നു. രാജ്യത്തുടനീളമുള്ള മാരുതി സുസുക്കി ഡീലർമാർക്ക് പ്രവർത്തന മൂലധന ആവശ്യകതകൾക്കായി ബാങ്ക് ഇൻവെന്ററി ഫണ്ടിംഗ് ഓപ്ഷനുകൾ നൽകും.

യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ എംഡി & സിഇഒ എ മണിമേഖലൈ പറഞ്ഞു, 'നൂതന സാമ്പത്തിക ഉൽപന്നങ്ങളിലൂടെ രാജ്യത്തുടനീളമുള്ള മാരുതി സുസുക്കിയുടെ വിപുലമായ ഡീലർ ശൃംഖലയ്ക്ക് സുപ്രധാനമായ ഇൻവെന്ററി ഫണ്ടിംഗ് പിന്തുണ നൽകുന്നതിനുള്ള ഒരു വലിയ ചുവടുവയ്പ്പാണ് ധാരണാപത്രം. മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡിന്റെ മാർക്കറ്റിംഗ് & സെയിൽസ് സീനിയർ എക്സിക്യൂട്ടീവ് ഓഫീസർ ശശാങ്ക് ശ്രീവാസ്തവ പറഞ്ഞു, 'ഒരു കമ്പനി എന്ന നിലയിൽ, ഞങ്ങളുടെ ബിസിനസിന്റെ അടിസ്ഥാന ശിലയായ ഡീലർ ശൃംഖലയിൽ ഞങ്ങൾ അഭിമാനിക്കുന്നു. യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുമായുള്ള ഞങ്ങളുടെ സഹകരണം ഞങ്ങളുടെ ഡീലർ പങ്കാളികൾക്കുള്ള ഇൻവെന്ററി ഫണ്ടിംഗിനായി നൂതനമായ ധനസഹായ പരിഹാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.